# ലാന്റ് റവന്യു ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*

(ഹാജർ: എൻ.പത്മകുമാർ ഐ.എ.എസ്.)

എൽ.ആർ.(എൻ)1-30/2016 തീയതി:17.06.2016

വിഷയം: റവന്യു വകുപ്പ്-ഹയർ സർവെ പരിശീലനം-തിരുവനന്തപുരം/ കോഴിക്കോട് കേന്ദ്രങ്ങൾ - റീലിംഗ്വിഷ്മെന്റ് ചെയ്ത ജീവന ക്കാർക്ക് പകരം ജീവനക്കാരെ നിയോഗിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്:

സൂചന: 1 ഈ കാര്യാലയത്തിലെ മേൽ നമ്പർ നടപടിക്രമം, തീയതി: 30.05.2016

2 തിരുവനന്തപുരം ജില്ലാകളക്ടറുടെ എസ്7-9769/16 നമ്പർ കത്ത്, തീയതി: 14.06.2016

3 ആലപ്പുഴ ജില്ലാകളക്ടറുടെ എ1-200/2016 നമ്പർ കത്ത്, തീയതി: 10.06.2016

4 കോഴിക്കോട് ജില്ലാകളക്ടറുടെ എ5-22343/14 നമ്പർ കത്ത്. തീയതി: 09.06.2016

*******

13.06.2016-12.08.2016 കാലയളവിലെ ഹയർ സർവ്വെ പരിശീലനത്തിനായി സൂചന (1) പ്രകാരം ജീവനക്കാരെ നിയോഗിച്ചുത്തരവായിരുന്നു. ടി നടപടിക്രമത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്ന് ശ്രീ. സജി സി.ഏഞ്ചൽ, ശ്രീ.സൈമാഭാസ്കർ എന്നിവർ കുടുംബപരമായ കാരണങ്ങളാൽ പരിശീലനത്തിൽ നിന്ന് റീലിംഗ്വിഷ്മെന്റ് ചെയ്തതായി സൂചന (2) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ നിന്ന് ശ്രീമതി.സിന്ധുമോൾ, ശ്രീ. അശോക്കുമാർ, ശ്രീ.ജഗദീഷ് പി.ചന്ദ്രലാൽ, ശ്രീ.വിനോദ് കെ. ശ്രീ. വിജയകുമാർ എന്നിവർ റീലിംഗ്വിഷ്മെന്റ് അപേക്ഷ സമർപ്പിച്ചതായി ആലപ്പുഴ ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോഴിക്കോട് കേന്ദ്രത്തിൽ ഹയർ സർവ്വെയ്ക്ക് നിയോഗിച്ചിരുന്നവരിൽ ശ്രീമതി.ജിന ജി. ജോലിക്രമീകരണ വ്യവസ്ഥയിൽ കൊല്ലം കളക്ടറേറ്റിലും ശ്രീ.മനോജ് കെ.നായർ പത്തനംതിട്ട ജില്ലയിൽ കോന്നി എൽ.എ. ഓഫീസിലും ജോലി ചെയ്തു വരികയാണെന്നും, ശ്രീമതി. ആർ.ജലജ, ശ്രീ. ആർ.ജെ.വിൽസൺ, ശ്രീ.ബി.സജീവ് എന്നിവർ നിലവിൽ കോഴിക്കോട് ജില്ലയിൽ ജോലി ചെയ്തു വരുന്നില്ല എന്ന വിവരം സൂചന (4) പ്രകാരം കോഴിക്കോട് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സൂചന (2) മുതൽ (4) വരെയുള്ള കത്തുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശ ജീവനക്കാരെ പ്രസ്തുത കാലയളവിലെ അതത് കേന്ദ്രങ്ങളിലെ ഹയർസർവ്വെ പരിശീലനത്തിൽ നിന്നൊഴിവാക്കിക്കൊണ്ടും ടി കേന്ദ്രങ്ങളിൽ പകരം ജീവനക്കാരെ നിയോഗിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

**<u>തിരുവനന്തപുരം കേന്ദ്രം</u>**

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് | ജില്ല |
|---|---|---|---|
| 1 | ജയകുമാരി എസ് | വി.ഒ/എച്ച്.സി/ആർ.ഐ. | തൃശൂർ |
| 2 | പി.എസ്. ശശികുമാർ | വി.ഒ/എച്ച്.സി/ആർ.ഐ. | ആലപ്പുഴ |
| 3 | സെബാസ്റ്റ്യൻ തോമസ് | വി.ഒ/എച്ച്.സി/ആർ.ഐ. | ആലപ്പുഴ |
| 4 | സനിൽകുമാർ പി.എസ്. | വി.ഒ/എച്ച്.സി/ആർ.ഐ. | കോട്ടയം |
| 5 | റോസമ്മ കെ.സി. | വി.ഒ/എച്ച്.സി/ആർ.ഐ. | കോട്ടയം |
| 6 | എൻ. നാരായണൻ പോറ്റി | വി.ഒ/എച്ച്.സി/ആർ.ഐ. | ഇടുക്കി |
| 7 | എൻ.മണി | വി.ഒ/എച്ച്.സി/ആർ.ഐ. | ഇടുക്കി |

**<u>കോഴിക്കോട് കേന്ദ്രം</u>**

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് | ജില്ല |
|---|---|---|---|
| 1 | കെ.ജി. രാജേഷ് | വി.ഒ/എച്ച്.സി/ആർ.ഐ. | തൃശൂർ |
| 2 | ഐ.കെ.പൂക്കോയ | വി.ഒ/എച്ച്.സി/ആർ.ഐ. | തൃശൂർ |
| 3 | ഷൈലജൻ വി. | വി.ഒ/എച്ച്.സി/ആർ.ഐ. | പാലക്കാട് |
| 4 | ശ്രീകുമാർ പി. | വി.ഒ/എച്ച്.സി/ആർ.ഐ. | പാലക്കാട് |
| 5 | സുമ.സി.ആർ | വി.ഒ/എച്ച്.സി/ആർ.ഐ. | പാലക്കാട് |

മേൽ പരാമർശിക്കുന്ന ജീവനക്കാരെ സർവെയും ഭൂരേഖയും വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ (സെൻട്രൽ സർവെ ഓഫീസ്, തിരുവനന്തപുരം/ സർവെ റേഞ്ച് ഓഫീസ്, കോഴിക്കോട്) മുമ്പാകെ അടിയന്തിരമായി ഹാജരാകണമെന്നുള്ള നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ/ ജില്ലാകളക്ടർമാർ വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാർ ഇതിനു മുമ്പ് ഹയർ സർവെ പരിശീലനം നേടിയിട്ടില്ലെന്ന് ഉറപ്പു വരുത്തിയതിനു ശേഷം മാത്രമേ വിടുതൽ ചെയ്യാവൂ. പരിശീലനത്തിനായി തിരഞ്ഞെടുക്കപ്പെട്ടവരുടെ സേവന പുസ്തകത്തിൽ ഈ വിവരം രേഖപ്പെടുത്തേണ്ടതാണ്.

ഹയർ സർവ്വെ പരിശീലനത്തിന് നിയോഗിക്കപ്പെടുന്ന ജീവനക്കാർ റീലിംഗ്വിഷ്മെന്റ് അപേക്ഷ സമർപ്പിക്കുന്ന പക്ഷം അതിനാധാരമായി വ്യക്തമായ കാരണമുണ്ടെന്ന് മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ബോധ്യം വന്നാലേ മേലധികാരി ആയത് പരിഗണിക്കാവൂ. അല്ലാത്ത പക്ഷം ഒരു കാരണ വശാലും റീലിംഗ്വിഷ്മെന്റ് അപേക്ഷ പരിഗണി ക്കേണ്ടതില്ല. ഈ ഉത്തരവ് ലഭിച്ച് രണ്ട് ദിവസത്തിനകം ആയത് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. പരിശിലനത്തിനായി നിയോഗിക്കപ്പെട്ട വിവരം/റീലിംഗ്വിഷ് മെന്റ് വിവരം നിശ്ചയ മായും സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കണം.

ടി ഉദ്യോഗാസ്ഥരെ പരിശീലനത്തിനായി വിടുതൽ ചെയ്ത വിവരവും, ഇവർ പരിശീലനത്തിനായി ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ജോയിന്റ് കമ്മിഷണർ

കക്ഷികൾക്ക്
(ജില്ലാകളക്ടർ മുഖാന്തിരം)

<u>പകർപ്പ്:</u>

1. ഡയറക്ടർ,
   സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
2. സർവെ അസിസ്റ്റന്റ് ഡയറക്ടർ,
   സെൻട്രൽ സർവെ ഓഫീസ്,
   തിരുവനന്തപുരം
3. സർവെ അസിസ്റ്റന്റ് ഡയറക്ടർ,
   സർവെ റേഞ്ച് ഓഫീസ്, തൃശൂർ
4. ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക്
5. ഐ.ടി.സെൽ
6. കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്.

൨16